LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സർവ്വകലാശാല

28 (*478) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്ന പോലീസ് സർവ്വകലാശാലാ നിയമം ധനവകുപ്പിന്റെ എതിർപ്പിനെത്തുടർന്ന് അംഗീകരിക്കാതെ മാറ്റിവയ്ക്കുകയുണ്ടായോ ;

(ബി) പോലീസ് സർവ്വകലാശാലയിൽ പഠിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ട വിഷയങ്ങൾ ഏതൊക്കെയാണ് ; നിലവിലുള്ള സർവ്വകലാശാലകളിൽ പഠിപ്പിക്കുന്നതോ പഠിപ്പിക്കാവുന്നതോ ആയ വിഷയങ്ങളാണോ അവയെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സർവ്വകലാശാല നിയമത്തിന്റെ കരട് തയ്യാറാക്കിയതാരാണെന്ന് അറിയിക്കാമോ ;

(ഡി) സർവ്വകലാശാലക്ക് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ് ; വ്യക്തമാക്കാമോ ;

(ഇ) ഏതെല്ലാം കോഴ്സുകൾ നടത്താനാണ് പദ്ധതി ;

(എഫ്) രാജ്യത്ത് നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ പോലീസ് സർവ്വകലാശാലയുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ-ഇ) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസ് & സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. എൻ. ആർ. മാധവമേനോൻ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(എഫ്) 1. Sardar Patel University of Police Security and Criminal Justice, Jodhpur, Rajasthan.

2. Rakzha Sakti University, Gujarat.

പോലീസ് സേനയിലെ അനധികൃത ഇടപെടലുകൾ

29 (*479) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ബാഹ്യവും ഉന്നതങ്ങളിൽ നിന്നുമുള്ള അനധികൃത ഇടപെടലുകൾമൂലവും നീതിനിർവ്വഹണം ഉറപ്പാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;